# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
# കൊല്ലം

EO/1/69/Cleaning and Maintenance of Land/SOU/2025 Date: 04 -06-2025

## താൽപര്യപത്രങ്ങൾ ക്ഷണിക്കുന്നു

സർവകലാശാല ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ളോക്ക് 25, റീസർവ്വേ 125/4ൽ 8.0665 ഏക്കർ സ്ഥലം ബഹു. ജില്ലാ കളക്ടർ മുഖേന വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ഇരവിപുരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഈ ഭൂമിയിൽ നിലവിൽ ചെറു മരങ്ങളും, വള്ളിച്ചെടികളും, പുല്ലും വളർന്ന് നിൽക്കുകയാണ്. ആയതിനാൽ ഇവ നീക്കം ചെയ്ത് ഭൂമി വൃത്തിയാക്കി തരുന്നതിനു ഈ പ്രവർത്തിയിൽ മുൻപരിചയമുള്ള കരാറുകാരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. കാട്ടുവെട്ടുന്ന മെഷീനും, ജെ.സി.ബിയും ഉചിതമായി ഉപയോഗിച്ച് ഭൂമി വൃത്തിയാക്കുന്നതിനായി ആയതിന്റെ എല്ലാ ഇനത്തിലുമുള്ള ചിലവുകളും ചേർത്ത് (മണിക്കൂറിനുള്ള നിരക്ക് പ്രത്യേകം ചേർക്കേണ്ടതാണ്) ഇതിനായി ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ /ജെ.സി.ബി യുടെ പേരും ചേർത്ത് നൽകേണ്ടതാണ്. പ്രവൃത്തി നടക്കുമ്പോൾ യൂണിവേഴ്സിറ്റി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ മേൽനോട്ടം വഹിക്കുന്നതാണ്.

താൽപര്യപത്രങ്ങൾ 16.06.2025 ന് 3 മണിക്ക് മുൻപ് രജിസ്ട്രാറുടെ പേരിൽ യൂണിവേഴ്സിറ്റി ഓഫീസിൽ ലഭിക്കേണ്ടതാണ്. 3മണിക്ക് ശേഷം ലഭിക്കുന്ന താൽപര്യപത്രങ്ങൾ സ്വീകരിക്കുന്നതല്ല.

ലഭിച്ച താൽപര്യപത്രങ്ങൾ 16/06/2025 വൈകുന്നേരം 4മണിക്ക് തുറക്കുന്നതാണ്.

(ടി വസ്തുവിലുള്ള ആഞ്ഞിലി/തേക്ക് മറ്റ് വിലപിടിപ്പുള്ള മരങ്ങൾ ഇവ മുറിക്കേണ്ടതില്ല)

രജിസ്ട്രാർ

Copy to:

1. ഡോ.പി.രാഘവൻ (ഡെപ്യൂട്ടി രജിസ്ട്രാർ)
2. വൈസ് ചാൻസിലർ/പ്രൊ. വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ പി.എ./ഫിനാൻസ് ഓഫീസറുടെ പി.എ
4. നോട്ടീസ് ബോർഡ്
5. PRO/SLM/CIQA/സിൻഡിക്കേറ്റ് സെക്ഷൻ